17698
10/8/17

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ താനൂർ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ഫാഹിദ്.എം ന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ(സാധാ) നം. 2751/2017/തസ്വഭവ    തിരുവനന്തപുരം, തീയതി 07.08.2017

---

പരാമർശം: 1) ശ്രീ. ഫാഹിദ്.എം ന്റെ 07.04.2016 ലെ ശൂന്യവേതനാവധിയപേക്ഷ.
2) പഞ്ചായത്ത് ഡയറക്ടറുടെ 11.03.2015, 18.04.2017 എന്നീ തീയതികളിലെ ഇ 10-1193/15, 22336/16 നമ്പർ കത്തുകൾ.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ താനൂർ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ഫാഹിദ്.എം ന് ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കോഴിക്കോട്, എം.എഡ് കോഴ്സ് പഠനം നടത്തുന്നതിന് ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അവധി അപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീ. ഫാഹിദ്.എം 12.11.2010 ൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾ 01.12.2014 മുതൽ 18.12.2015 വരെ ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കോഴിക്കോട്, എം.എഡ് കോഴ്സ് പഠനം നടത്തുന്നതിന് ശൂന്യവേതനാവധിക്കായി അപേക്ഷിച്ചിട്ടുള്ളതും പ്രിൻസിപ്പൽ, ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കോഴിക്കോട് നല്കിയ കോഴ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുമുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ താനൂർ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ഫാഹിദ്.എം ന് ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കോഴിക്കോട്, എം.എഡ് കോഴ്സ് പഠനം നടത്തുന്നതിന് 01.12.2014 മുതൽ 18.12.2015 വരെ കെ എസ് ആർ ഭാഗം 1, ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയ്യർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**വി.പി. ശ്രീജിത്**
ഗവ. അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (അപേക്ഷകന്റെ സർവ്വീസ് ബുക്ക് സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, താനൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ. ഫാഹിദ്.എം, ഓഫീസ് അറ്റൻഡന്റ്, താനൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധനകാര്യ വകുപ്പ് (B2/208/2015/ധന നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ ഐ.കെ.എം ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
ആഫീസ് പകർപ്പ് / കരുതൽ ഫയൽ(ഇപിഎ 2/246/15/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ